പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3059 — 18.06.2019 -ൽ മറുപടിയ്ക്ക്

## അടിസ്ഥാനസൗകര്യമില്ലാത്ത വില്ലേജോഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മതിയായ സൗകര്യമില്ലാത്ത എത്ര വില്ലേജോഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) മതിയായ സൗകര്യമില്ലാത്ത 510 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) എത്ര വില്ലേജാഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്; കക്കൂസുകൾ ഇല്ലാത്ത എത്ര വില്ലേജോഫീസുകൾ നിലവിലുണ്ട്; | (ബി) സ്വന്തമായി കെട്ടിടമില്ലാത്ത 77 വില്ലേജ് ഓഫീസുകളും കക്കൂസുകൾ ഇല്ലാത്ത 8 വില്ലേജ് ഓഫീസുകളും നിലവിലുണ്ട്. |
| (സി) മതിയായ സൗകര്യമില്ലാതെ പ്രവർത്തിക്കേണ്ടിവരുന്നത് ഉദ്യോഗസ്ഥർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എല്ലാ വില്ലേജോഫീസുകളിലും ആവശ്യമായ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിട നിർമ്മാണവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം അറ്റകുറ്റപ്പണി, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവ നിർവ്വഹിച്ചു വരുന്നുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ചു മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ